# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3619** **15.03.2018-ൽ മറുപടിക്ക്**

## പറമ്പിക്കുളത്തെ ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. കെ. ബാബു : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പറമ്പിക്കുളത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് നിലവിൽ വൈദ്യുതി ഇല്ലാത്തത് എന്ന് വിശദമാക്കുമോ; | (എ) | നിലവിൽ എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ പൂപ്പാറ, കരിയാർകുറ്റി ഒറവം പാടി, കച്ചിത്തോട്, അല്ലിമൂപ്പൻ, മൂപ്പതേക്കർ എന്നീ കോളനികളിൽ സോളാർ വൈദ്യുതി ആണ് ലഭ്യമാക്കിയിരിക്കുന്നത്. |
| (ബി) | ഈ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ; | (ബി) | കരിയാർകുറ്റി, പൂപ്പാറ എന്നീ കോളനികളിലേയ്ക്ക് തമിഴ് നാട് ഗ്രിഡ് സപ്ലൈ ഭൂഗർഭ കേബിൾ വഴി എത്തിക്കുന്നതിന് വനം വകുപ്പ്, തമിഴ് നാട് വൈദ്യുതി വകുപ്പ് എന്നിവരുടെ അനുമതി ആവശ്യമുണ്ട്. ആദ്യപടിയായി വനം വകുപ്പിനോട് അനുമതിക്കു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വൈദ്യുതി ഇല്ലാത്ത മുഴുവൻ കോളനികളിലും വൈദ്യുതി എത്തിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (സി) | നിലവിൽ സോളാർ വൈദ്യുതി ഉൾപ്പെടെ എല്ലാ കോളനികളിലും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ